MR. KRISHNASWAMY IYENGAR—CHIEF JUSTICE—RESIGNATION OF

116. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീതു് :

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ടു സദയം മറുപടി പറയുമൊ.—

(എ) കൊച്ചിയിലെ ചീഫ് ജസ്റ്റീസായിരുന്ന മിസ്റ്റർ കൃഷ്ണസ്വാമി അയ്യങ്കാർ കാലാവധി തീരുന്നതിനുമുമ്പു് ഉദ്യോഗം രാജിവെക്കുന്നതിനുണ്ടായ കാരണമെന്തു് ;

(ബി) ഒരു ക്ലിപ്തകാലത്തേക്കു് ഉദ്യോഗത്തിലിരുന്നുകൊള്ളാമെന്നുള്ള വ്യവസ്ഥയോടുകൂടിയല്ലെ അദ്ദേഹത്തെ നിയമിച്ചതു് ;

(സി) ജുഡീഷ്യറിയുടെ അധികാരത്തിൽ എക്സിക്യൂട്ടീവ് കൈകടത്തുന്നുവെന്ന വല്ല ആക്ഷേപവും രാജിവെച്ച ചീഫ് ജസ്റ്റീസ് അയച്ചിട്ടുണ്ടൊ ;

(ഡി) ജുഡീഷ്യൽ വകുപ്പിലെ നിയമനങ്ങളിൽ ഹൈക്കോടതിയുടെ ശുപാർശകളെ എക്സിക്യൂട്ടീവ് വിഗണിച്ചു പ്രവർത്തിച്ചിട്ടുണ്ടൊ ;

(ഇ) അടുത്ത കാലത്തുണ്ടായിട്ടുള്ള ജുഡീഷ്യൽ നിയമനങ്ങളിൽ ഹൈക്കോടതി ശുപാർശ ചെയ്തിട്ടുള്ളതിനു വിരുദ്ധമായി ഗവണ്മെണ്ടു നിയമനങ്ങൾ നടത്തിട്ടുണ്ടൊ?

റാവു സാഹിബ് എ. മാധവപ്രഭു :

(എ) കാരണമൊന്നും രാജിക്കത്തിൽ പറഞ്ഞിട്ടില്ല.

(ബി) അതെ.

(സി) ഇല്ല.

(ഡി-ം, ഇ-ം) ഈ സംഗതികൾ Confidential ആകയാൽ ഉത്തരം പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീതു്: ഗവണ്മെണ്ടിൽനിന്നു പല സംഗതികളിലും "Confidential" എന്നു പറയാറുണ്ടു്. എന്നാൽ അങ്ങിനെയുള്ള കാര്യം എത്ര ആളുകൾ അറിയുമ്പോഴാണു് "Confidential" ആകുക എന്നു പറയാമൊ?

മിസ്റ്റർ എം. ഒ. തോമക്കുട്ടി: കാരണമൊന്നും പറയാതെ ഇതിനുമുമ്പു് എത്ര ഉദ്യോഗസ്ഥന്മാർ രാജിഹർജി എഴുതീട്ടുണ്ടു്?

റാവു സാഹിബ് എ. മാധവപ്രഭു: നോട്ടീസ്സു് വേണം.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: "ഒരു ക്ലിപ്തകാലത്തേക്കു ഉദ്യോഗത്തിലിരുന്നുകൊള്ളാമെന്നുള്ള വ്യവസ്ഥയോടുകൂടിയല്ലെ അദ്ദേഹത്തെ നിയമിച്ചതു" എന്നുള്ള ചോദ്യത്തിനു "അതെ" എന്നു മറുപടി പറഞ്ഞിട്ടുണ്ടു്. അപ്പോൾ ആ ക്ലിപ്തകാലം കഴിഞ്ഞുവൊ?

റാവു സാഹിബ് എ. മാധവപ്രഭു: ഇല്ല.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ക്ലിപ്തകാലത്തിനുമുമ്പു അദ്ദേഹം രാജിവെച്ചപ്പോൾ ആ രാജി സ്വീകരിക്കാനുണ്ടായ കാരണമെന്താണു്?

റാവു സാഹിബ് എ. മാധവപ്രഭു: അദ്ദേഹത്തിനു പോകണമെന്നു പറഞ്ഞു. അതിൽ ഗവണ്മെണ്ടിനു വിരോധമില്ലെന്നു തോന്നി. അതുകൊണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അങ്ങിനെ ഒരു ക്ലിപ്ത കാലത്തേക്കു ഉദ്യോഗത്തിനു നിയമിക്കപ്പെട്ട ആളും, തന്റെ ഇഷ്ടംപോലെ പോകണമെന്നു പറയുമ്പോൾ പറഞ്ഞയക്കുകയെന്നതാണൊ ഗവണ്മെണ്ടിന്റെ നയം?

റാവു സാഹിബ് എ. മാധവപ്രഭു: ഗവണ്മെണ്ടിനു അതിൽ വിരോധം തോന്നിയില്ല. അതാണു രാജി സ്വീകരിച്ചതു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഞാൻ ചോദിക്കുന്നതു ഒരു ക്ലിപ്ത കാലത്തേക്കു ഉദ്യോഗത്തിനു വന്ന ആളുകൾ അതിനുമുമ്പു പോകണമെന്നു പറയുമ്പോൾ അതിനു സമാധാനം ചോദിക്കേണ്ട ചുമതല ഗവണ്മെണ്ടിനു ഇല്ലെ എന്നാണു്?

റാവു സാഹിബ് എ. മാധവപ്രഭു: ഈ കാര്യത്തിൽ അങ്ങിനെ ചോദിക്കണമെന്നു തോന്നുന്നില്ല.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഒരു ക്ലിപ്തകാലത്തേക്കു നിയമിക്കപ്പെട്ട ഒരാളെ അതിനുമുമ്പു് പിരിച്ചയക്കുമ്പോൾ തന്മൂലം ഗവണ്മെണ്ടിനു പണസംബന്ധമായ വല്ല നഷ്ടവും വന്നിട്ടുണ്ടൊ?

Rao Sahib A. Madhava Prabhu (*Chief Secretary to Government*) : The question is hypothetical. That does not arise from the question.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Kumaran Ezhuthassan (*Vadakkancheri*): That is for the Chair to decide, Sir.

Rao Sahib A. Madhava Prabhu (*Chief Secretary to Government*): I am submitting to the Chair.

Mr. P. Kumaran Ezhuthassan (*Vadakkancheri*): I am putting the question to the Government.

Mr. President: Order, Order. What is the Hon'ble Member's question?

Mr. P. Kumaran Ezhuthassan (*Vadakkancheri*): My question is, Sir, whether it was for his departure from here that a free gift of 100 candies of very good teak was given to him at seniorage rate which I understand he sold here? Is it to facilitate his departure that the concession sale of timber was allowed to him?

Mr. President: Is it the Hon'ble Member's position that that facilitated his departure?

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഗവണ്മെണ്ടു സമ്മതിക്കുന്നുണ്ടു് അദ്ദേഹത്തെ ഒരു ക്ലിപ്തകാലത്തേക്കാണു കൊണ്ടുവന്നതെന്നു്. അതിനുമുമ്പു് അദ്ദേഹത്തെ പിരിച്ചയക്കുന്നപക്ഷം, അല്ലെങ്കിൽ അദ്ദേഹം പിരിഞ്ഞുപോകുന്നപക്ഷം ഗവണ്മെണ്ടു വല്ല നഷ്ടപരിഹാരവും കൊടുക്കണമൊ?

റാവു സാഹിബ്ബു് എ. മാധവപ്രഭു: അദ്ദേഹവുമായുള്ള കൺട്രാക്ടു് നോക്കിയാലെ മറുപടി പറയാൻ നിവൃത്തിയുള്ളു.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ആ കൺട്രാക്ടു് ഇപ്പോഴുണ്ടൊ?

റാവു സാഹിബ്ബു് എ. മാധവപ്രഭു: നോട്ടീസ്സുവേണം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: മിസ്റ്റർ കൃഷ്ണസ്വാമി അയ്യങ്കാർ രാജിവെക്കാൻ കാരണം പ്രജായത്തസിദ്ധാന്തങ്ങൾക്കു കടകവിരുദ്ധമായ ഗവണ്മെണ്ടിന്റെ നയം കൊണ്ടാണെന്നറിയാമൊ?

റാവു സാഹിബ്ബു് എ. മാധവപ്രഭു: രാജിക്കത്തിൽ അങ്ങിനെ ഒന്നും പറഞ്ഞിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: രാജിക്കത്തിൽ എന്താണു് എഴുതിയിട്ടുള്ളതു്?

റാവു സാഹിബ്ബു് എ. മാധവപ്രഭു: ഞാൻ രാജിക്കത്തു വായിക്കാം

"I hereby tender my resignation of my Office as Chief Justice from 3rd Mithunam 1122. I request you to permit me to hand over charge between 12 noon and 1 p.m. that day. His Highness has been gracious enough to grant my request."

This is to the Diwan of Cochin by Mr. K. S. Krishnaswami Iyangar' Chief Justice.

Mr. P. Kumaran Ezhuthassan (*Vadakkancheri*): Date please?

Rao Sahib A. Madhava Prabhu (*Chief Secretary to Government*): 12th June 1947. (29th Edavam 1122).

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഈ രാജിക്കത്തു കിട്ടിയപ്പോൾ അദ്ദേഹത്തെ നിയമിച്ച സമയത്തു അദ്ദേഹവുമായിട്ടുള്ള കൺട്രാക്ടു് പരിശോധിച്ചു ഗവണ്മെണ്ടിലേക്കു വല്ല നഷ്ടവുമുണ്ടൊ എന്നു നോക്കുകയുണ്ടായൊ?

Rao Sahib A. Madhava Prabhu (*Chief Secretary to Government*): There is no necessity of going into the question at all.

Mr. P. Kumaran Ezhuthassan (*Vadakkancheri*): He is ruling now, Sir.

Mr. President: There is no necessity for going into the question. That is what he said. That is not a ruling.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: കൊച്ചി ഗവണ്മെണ്ടിന്റെ പെർമിറ്റപ്രകാരം വാങ്ങിച്ച കാർ അന്യരാജ്യത്തിൽ കൊണ്ടുപോയി കൂടുതൽ വിലക്കു വിറ്റു എന്ന ആക്ഷേപമുണ്ടായതുകൊണ്ടാണോ അദ്ദേഹം രാജി വെച്ചതു്?

റാവു ബഹദൂർ ടി. കെ. നായർ: അങ്ങിനെയുള്ള യാതൊരാക്ഷേപവുമുണ്ടായിട്ടില്ല.

മിസ്റ്റർ പി. നാരായണമേനോൻ: അദ്ദേഹത്തെ നിയമിച്ച കാലത്തു, അദ്ദേഹത്തിന്റെ സർവ്വീസ് ഒരു ക്ലിപ്തകാലത്തേക്കാവശ്യമുണ്ടെന്നു തോന്നിയതുകൊണ്ടല്ലെ അങ്ങനെ അദ്ദേഹത്തിൽനിന്നു ഒരു കരാറു് എഴുതി മേടിച്ചതു്?

റാവു സാഹിബ്ബു് എ. മാധവപ്രഭു: അതെയിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. Balakrishna Menon *(Cheruthuruthi):* In regard to the question No. (*d*) had he recommended any particular person to be appointed to the Judiciary?

Rao Sahib A. Madhava Prabhu *(Chief Secretary to Government):* That is a confidential matter.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Was it not, Sir, on the retirement of Mr. Kunjunny Raja that this gentleman was got down as the Chief Justice of Cochin?

Rao Sahib A. Madhava Prabhu *(Chief Secretary to Government):* I do not exactly know who his predecessor in office was.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know, Sir, whether this gentleman was got down here as Chief Justice at double the amount we pay to the Chief Juitices of those days? One thousand rupees was the former amount. I do not know what is the pay now. Was it not double the former amount that was the pay of this importation?

Rao Sahib A. Madhava Prabhu *(Chief Secretary to Government):* It is 2,000 rupees.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know, Sir, why this costly individual was brought down? Was it due to the dearth of competent hands in service here?

Rao Sahib A. Madhava Prabhu *(Chief Secretary to Government):* I want notice to answer it.

മിസ്റ്റർ പി. നാരായണമേനോൻ: ഒരു ക്ലിപ്തകാലത്തേക്കു അദ്ദേഹത്തിന്റെ സർവ്വീസ് വേണമെന്നു തോന്നി കരാറുണ്ടായിട്ടു പിന്നീടു അതിലധികം കാലം വേണ്ടെന്നു തോന്നുവാൻ വല്ല കാരണവുമുണ്ടോ?

റാവുസാഹിബ് എ. മാധവപ്രഭു: ആവശ്യമില്ലാത്തതുകൊണ്ടല്ല, അദ്ദേഹത്തിനു പോകണമെന്നു പറഞ്ഞതുകൊണ്ടു പറഞ്ഞയച്ചതാണു.

മിസ്റ്റർ പി. നാരായണമേനോൻ: എന്റെ ചോദ്യം അതല്ല. ആദ്യം വിചാരിച്ചതുപോലെ അദ്ദേഹത്തിന്റെ സർവ്വീസ് അതിലധികം കാലത്തേയ്ക്കു വേണ്ട എന്നു തോന്നാൻ വല്ല കാരണവുമുണ്ടോ?

Mr. President: Let there be no argument in the question. Put the question briefly.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know, Sir, whether Mr. Krishnaswami Ayyangar was not got down here to re-organise our judiciary?

Rao Sahib A. Madhava Prabhu *(Chief Secretary to Government):* I said I want notice to answer those questions.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ചോദ്യം ഡി & ഇ ക്കുള്ള ഉത്തരം "ഈ സംഗതികൾ confidential ആകയാൽ ഉത്തരം പറയാൻ നിവൃത്തിയില്ല" എന്നാണു. ഇത്തരത്തിൽ സഭയിൽ പറയാൻ പാടില്ലാത്ത വല്ല confidential കാര്യങ്ങളും വേറെയുണ്ടോ?

റാവുസാഹിബ് എ. മാധവപ്രഭു: പലതുമുണ്ടു.

BUDGETS FOR CRANGANUR AND STATE—COMBINING OF

117. മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്:

താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവൺമെണ്ടു സഭയിൽ മറുപടി പറയുമോ.—

കൊടുങ്ങല്ലൂർ ബ്ലോക്ക് സ്റ്റോക്ക് ബ്ലോക്കിനോടു കൂട്ടിച്ചേർക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടു ഗവൺമെണ്ടിനു ഒരുടെയെല്ലാം നിവേദനങ്ങൾ കിട്ടിയിട്ടുണ്ടു"?

മിസ്റ്റർ കെ. എസ്സ്. രാഘവൻ:

താഴെ പറയുന്ന നിവേദനങ്ങൾ കിട്ടിയിട്ടുണ്ടു.

(ക) മേത്തല പഞ്ചായത്തിൽനിന്നു അതിനെ ൪—൪—൧൯൪൯-ൽ കൂടിയ യോഗത്തിൽ പാസ്സാക്കിയ പ്രമേയം.

(ഖ) എറിയാടുവെച്ചു ൯—൫—൧൯൪൯-ൽ കൂടിയ പൊതുയോഗത്തിൽ പാസ്സാക്കിയ പ്രമേയം.

(ഗ) കൊടുങ്ങല്ലൂരിലെ പൊതുജനങ്ങൾ ദിവാൻ സർ ജി. ടി. ജോഗിനു സമർപ്പിച്ച മെമ്മോറാണ്ടം.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഈ സഭയിൽ ഇതിനുമുമ്പു കൊടുങ്ങല്ലൂരിലെ ബ്ലോക്കു മന്നാക്കണമെന്ന ഒരാവശ്യം കൊണ്ടുവന്നിട്ടില്ലെ?

റാവുസാഹിബ് എ. മാധവപ്രഭു: ആ ഒരു Point കൊണ്ടുവന്നിട്ടുണ്ടു.

LIBRARY ARCHIVES Kerala Legislative Assembly